## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 692 — 14.07.2014 -ൽ മറുപടി നൽകേണ്ടത്

### വഴിയോരക്കച്ചവടക്കാർക്കു വേണ്ടിയുള്ള നയം

**ചോദ്യം**

**ശ്രീ. പി. ബി. അബ്ദുൾ റസാക്**
**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. കെ. എം. ഷാജി**

(എ) വഴിയോരക്കച്ചവടക്കാർക്കു വേണ്ടിയുള്ള നയം അംഗീകരിച്ച ശേഷം അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

**ഉത്തരം**

**ശ്രീ. മഞ്ഞളാംകുഴി അലി**
**(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)**

(എ) കേന്ദ്ര ഗവൺമെന്റ് ബഹു. സുപ്രീം കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വഴിയോരക്കച്ചവടക്കാരുടെ പുനരധിവാസത്തിന് ഒരു ദേശീയനയം രൂപീകരിക്കുകയും സംസ്ഥാന ഗവൺമെന്റുകളോട് ഉചിതമായി നിയമനിർമ്മാണം നടത്തുവാൻ ആവശ്യപ്പെടുകയുമുണ്ടായി. അതനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിലൊരു സംസ്ഥാന നയം രൂപീകരിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഒരു സംസ്ഥാന നയം രൂപീകരിക്കുകയും ആയതു പ്രകാരം ഒരു കരട് ബിൽ തയ്യാറാക്കുകയും ചെയ്തിരുന്നു. സംസ്ഥാന ഗവൺമെന്റ് നിയമ വകുപ്പിന്റെ പരിശോധനയ്ക്കു ശേഷം നിയമ നിർമ്മാണം സംബന്ധിച്ച് മുന്നോട്ട് പോകവേ കേന്ദ്ര സർക്കാർ ഇതു സംബന്ധിച്ച ഒരു നിയമം പാസാക്കി മാർച്ച് 2014-ൽ " The Street Vendors (Protection of Livelihood and Regulation of Street Vending) Act 2014" പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 2014 മെയ് 1 മുതൽ പ്രാബല്യത്തിൽ വന്ന ഈ നിയമം എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായതിനാൽ കേരളത്തിനു മാത്രമായി ഒരു പ്രത്യേക നിയമ നിർമ്മാണത്തിന്റെ ആവശ്യമില്ല. ഇതു സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിച്ചാൽ മതിയാകുമെന്നതിനാൽ കേന്ദ്ര നിയമത്തിന് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നയം നടപ്പാക്കുമ്പോൾ നിലവിലെ ഏതൊക്കെ നിയമങ്ങളിലെ ഏതൊക്കെ വ്യവസ്ഥകൾക്കാണ് മാറ്റം വരുത്തേണ്ടി വരിക എന്നതു സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ബി) | ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ നഗരങ്ങളിലെ വഴിയോരക്കച്ചവടക്കാരെ സംബന്ധിച്ച വിശദമായ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ ? | (സി) | സംസ്ഥാന നയത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ നഗരസഭകളിലും വഴിയോരക്കച്ചവടം സംബന്ധിച്ച സർവ്വേ നടന്നു വരുന്നുണ്ട്. എന്നാൽ, കേന്ദ്ര നിയമം അനുശാസിക്കുന്ന രീതിയിലുള്ള സർവ്വേ ആരംഭിച്ചിട്ടില്ല. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**